# DIOCESE OF PUNALUR
BISHOP'S HOUSE
(LATIN CATHOLIC)
Elampal P.O. Punalur,
Post Bag No-1, 691 322,
Kollam (Dist.) Kerala, India
punalurdiocese@gmail.com
Mob. 8547677276, 7558888099
Ph: 0091-0475-2225419, 2220229 (P)


Prot. No. DP/ CC 27/24
18.010.2024

**സർക്കുലർ 27**

**കർത്താവിന്റെ വിരുന്നിലേക്ക് ഏവരേയും ക്ഷണിക്കാം**

യേശുക്രിസ്തുവിന്റെ സ്നേഹത്താൽ ഏറ്റവും ബഹുമാനിതരായ വൈദികരെ, സന്യസ്തരെ, ഉപദേശിമാരെ, ബി.ഇ.സി. ലീഡേഴ്സ്, പ്രിയ ദൈവമക്കളെ,

ഏവർക്കും പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും കൃപയും സമാധാനവും!

1. സ്വഭാവത്താൽ പ്രേഷിതയായ സഭ 2024 ഒക്ടോബർ 20-ാം തീയതി മിഷൻ ഞായറായി ആചരിക്കുകയാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഈ വർഷത്തെ മിഷൻ ഞായർ വിചിന്തനത്തിനായി നൽകിയിരിക്കുന്ന വിശുദ്ധഗ്രന്ഥഭാഗം മത്തായിയുടെ സുവിശേഷം 22-ാം അദ്ധ്യായം 1 മുതൽ 14 വരെയുള്ള വാക്യങ്ങളാണ്. മൂന്ന് കാര്യങ്ങളാണ് പരിശുദ്ധ പിതാവ് തന്റെ സന്ദേശത്തിൽ എടുത്തുപറയുന്നത്.
   i. കർത്താവിന്റെ വിരുന്നിലേക്ക് ഏവരേയും ക്ഷണിക്കാനായി അക്ഷീണം പുറത്തേക്ക് പോകുന്നതാണ് പ്രേഷിത ദൗത്യം.
   ii. ക്രിസ്തുവിന്റെയും സഭയുടെയും ദൗത്യത്തിലുള്ള യുഗാന്തപരവും ദിവ്യകാരുണ്യപരവുമായ വശം.
   iii. സിനഡാത്മകവും പ്രേഷിതവുമായ സഭയിലെ ക്രിസ്തുശിഷ്യരുടെ ആഗോള പ്രേഷിത ദൗത്യം.
2. നാമെല്ലാവരും പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമായ ദൈവവചനത്തിലൂടെ നവീകരിക്കാൻ ഭാഗ്യം സിദ്ധിച്ചവരാണ്. കത്തോലിക്കാ സഭയിലൂടെയാണ് ഈ ഭാഗ്യം നമുക്ക് കൈവന്നത്. ഇതിന് കാരണക്കാരായവരാകട്ടെ വിദേശിയരും തദ്ദേശിയരുമായ പ്രേഷിതവര്യന്മാരാണ്. പ്രേഷിതരംഗത്ത് മുന്നിട്ടിറങ്ങിയവരുടെ ജീവിതം പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാണ്; അവർ തങ്ങളുടെ വീടും നാടും ഉപേക്ഷിച്ച് ക്രിസ്തു സ്നേഹത്താൽ ജ്വലിച്ച് വചനത്തിന്റെ മാധുര്യം അനുഭവിച്ചിരുന്നു. അവരാകട്ടെ, തങ്ങൾ അനുഭവിച്ച വചനത്തിന്റെ മധുരിമ ഏവർക്കും അനുഭവിക്കാൻ അവകാശമുണ്ടെന്ന ബോധ്യത്തോടെ പ്രവർത്തിക്കുകയും ചെയ്തിരുന്നു. ഈ കാലഘട്ടത്തിൽ, നല്ല ഉത്സാഹത്തോടെ പ്രേഷിതപ്രവർത്തനങ്ങൾക്കായി യുവതിയുവാക്കൾ മുന്നോട്ട് വരണമെന്ന ആഹ്വാനമാണ് പരിശുദ്ധ പിതാവ് നൽകുന്നത്. സഭയിലെ വിശുദ്ധന്മാരുടെ ജീവചരിത്രം പരിശോധിക്കുമ്പോൾ, അവർ ചെറുപ്പത്തിൽ തന്നെ ധൈര്യസമേതം പ്രേഷിത രംഗങ്ങളിൽ പ്രവർത്തിച്ചുവെന്ന് നമുക്ക് കാണാൻ സാധിക്കും.
3. പ്രേഷിത ഞായർ സന്ദേശം വിവാഹ വിരുന്നിന്റെ പശ്ചാത്തലത്തിലാണല്ലോ നൽകിയിരിക്കുന്നത്. സഭയുടെ യുഗാന്തപരമായ സ്വഭാവത്തെക്കുറിച്ചാണ് വിവാഹ വിരുന്നിന്റെ ഉപമ ലക്ഷ്യം വയ്ക്കുന്നതെങ്കിലും യുഗാന്ത്യം വരെ ദിവ്യകാരുണ്യ അനുഭ

വത്തിൽ പങ്കുചേരാൻ ഏവരേയും ക്ഷണിക്കാനുള്ള പ്രത്യേക ദൗത്യമുണ്ടെന്നും പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. കാരണം, ദിവ്യകാരുണ്യം സഭയുടെ സ്വത്വമാണ്. ദിവ്യകാരുണ്യം സഭയെ കെട്ടിപ്പടുക്കുന്നു. പരിശുദ്ധ പിതാവ് ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു: "ക്രിസ്തുവിന്റെ സമ്മാനമായ ജീവന്റെ പൂർണ്ണതയുടെ മുന്നാസ്വാദനം ദിവ്യകാരുണ്യ വിരുന്നിലൂണ്ട്. സഭ കർത്താവിന്റെ കല്പനപ്രകാരം അവിടുത്തെ ഓർമ്മയ്ക്കായി അത് ആചരിക്കുന്നു. സുവിശേഷവത്കരണദൗത്യത്തിന്റെ ഭാഗമായി നാം എല്ലാവർക്കും നൽകുന്ന യുഗാന്തവിരുന്നിലേക്കുള്ള ക്ഷണം ദിവ്യകാരുണ്യ മേശയിലേക്കുള്ള ക്ഷണവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. ആ മേശയിൽ കർത്താവ് തന്റെ വചനവും ശരീരവും രക്തവും നൽകി നമ്മെ പരിപോഷിപ്പിക്കുന്നു." പാപ്പയുടെ ഈ വാക്കുകൾ നമ്മെ യഥാർത്ഥ പ്രേഷിത ദൗത്യത്തിലേക്ക് നയിക്കുന്നു. ചുരുക്കത്തിൽ, ദിവ്യകാരുണ്യത്തെയും യുഗാന്ത്യത്തെയും ഓർത്തുകൊണ്ടാവണം പ്രേഷിതപ്രവർത്തനങ്ങൾ നിർവഹിക്കേണ്ടത്.

4. പാപ്പയുടെ സന്ദേശത്തിൽ നിഴലിച്ചു നിൽക്കുന്ന മൂന്നാമത്തെ കാര്യം സഭയുടെ ആഗോള പ്രേഷിത ദൗത്യമാണ്. "നിങ്ങൾ ലോകമെങ്ങും പോയി സർവസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16:15) എന്നത് കർത്താവിന്റെ കല്പനയാണ്. സുവിശേഷ പ്രഘോഷണം സഭാത്മക ദൗത്യമാണ്. അതുകൊണ്ടു തന്നെ ഓരോ വ്യക്തിയും ഓരോ അടിസ്ഥാന സഭാ (ക്രൈസ്തവ) സമൂഹവും സാർവത്രിക സഭയുമായി ബന്ധപ്പെട്ടാണ് പ്രേഷിത ദൗത്യം നിർവഹിക്കേണ്ടത്. ഈ യാഥാർത്ഥ്യത്തിലാണ് നാം മിഷൻ ഞായറിൽ നൽകുന്ന കാണിക്കകളേയും കാണേണ്ടത്.

5. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളും മിഷൻ ഞായർ ആഘോഷിക്കുകയും മിഷൻ പ്രവർത്തനങ്ങൾക്ക് ഉദാരമായി സാമ്പത്തിക വിഹിതം നൽകുകയും ചെയ്യുന്ന പതിവുണ്ട്; അതിൽ ഏവരേയും ഞാൻ അഭിനന്ദിക്കുന്നു. അതോടൊപ്പം പ്രേഷിതപ്രവർത്തനങ്ങൾക്കായി സജീവമായി പ്രാർത്ഥിക്കണമെന്ന കാര്യവും ഞാൻ ഏവരേയും ഓർമ്മിപ്പിക്കുന്നു. ഒക്ടോബർ മാസം ജപമാലമാസമായി ആചരിക്കുന്ന ഈ അവസരത്തിൽ പരിശുദ്ധ മറിയത്തിന്റെ പ്രത്യേക മാധ്യസ്ഥത്താൽ പ്രാർത്ഥിക്കുന്ന, വചനം വായിക്കുന്ന, വചനം പ്രഘോഷിക്കുന്ന, വചനം ജീവിക്കുന്ന പ്രേഷിതരായി നമുക്ക് മാറാം.

ദൈവം ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

പൈതൃകാശീർവാദങ്ങളോടെ,

നിങ്ങളുടെ എളിയ സഹോദരൻ

+ Fr. P. Selvister

✠ സെൽവിസ്റ്റർ പൊന്നുമുത്തൻ
ബിഷപ്പ്, പുനലൂർ രൂപത

Rt. Rev. Dr. Selvister Ponnumuthan
Bishop of Punalur

DIOCESE OF PUNALUR
PIN : 691 322
PUNALUR

NB:

1. ഒക്ടോബർ 20-ാം തീയതി സർക്കുലർ ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്. മിഷൻ ഞായറിലെ സാമ്പത്തിക വിഹിതം രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.
2. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകിയിരിക്കുന്ന പ്രേഷിത ഞായറിന്റെ സന്ദേശം ബി.ഇ.സി യോഗങ്ങളിൽ വായിക്കുകയും ചർച്ച ചെയ്യുകയും ചെയ്യണം.
3. മിഷൻ ഞായറിലെ സാമ്പത്തിക വിഹിതം രൂപതാ കേന്ദ്രത്തിലേക്ക് അയക്കേണ്ട അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| Bank Account Name | : DIOCESE OF PUNALUR |
| Bank Account Number | : 10280100409685 |
| Name of Bank | : FEDERAL BANK, PUNALUR (Branch) |
| IFSC Code | : FDRL0001028 |